വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) തിരുവനന്തപുരത്തും കോഴിക്കോടും പ്രവർത്തിച്ചിരുന്ന ഈ കോർപ്പറേഷന്റെ റീജിയണൽ ഓഫീസുകൾ വീണ്ടും തുറന്നു പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഒരു മാനേജിംഗ് ഡയറക്ടറേയും ചെയർമാനേയും അടിയന്തിരമായി നിയമിച്ച് ഈ കോർപ്പറേഷന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) പരിഗണിക്കുന്നതാണ്.

(ബി) കോർപ്പറേഷന്റെ സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാലും റീജിയണൽ ആഫീസുകളിൽ വേണ്ടത്ര ജോലിഭാരം ഇല്ലാത്തതിനാലും ആണ് ഈ ആഫീസുകൾ നിർത്തലാക്കിയത്. വീണ്ടും തുറന്നു പ്രവർത്തിക്കുന്ന കാര്യം പിന്നീട് പരിഗണിക്കാവുന്നതാണ്.

(സി) ഇതിനെപ്പറ്റി തക്കസമയത്ത് പരിഗണിക്കാവുന്നതാണ്.

ഹരിജനങ്ങളുടെ പ്രശ്നങ്ങൾ

52 [59] ശ്രീ. കെ. കെ. ബാലകൃഷ്ണൻ :
,, എ. വി. താമരാക്ഷൻ :
,, ടി. പി. പീതാംബരൻ മാസ്റ്റർ :
,, പി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതീയ അധഃകൃത വർഗ്ഗലീഗ് (എസ്) സംസ്ഥാനകമ്മിറ്റി സംസ്ഥാനത്തെ ഹരിജനങ്ങളുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഒരവകാശ പത്രിക ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായോ ;

(ബി) ഈ അവകാശ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ ;

(സി) ഇതിൽ ഏതെല്ലാം ആവശ്യങ്ങൾ ഇതിനകം നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി) ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുക.
2. ജനസംഖ്യാനുപാതികമായ സംവരണം നടപ്പിലാക്കുക.
3. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബത്തിലെ ഒരാൾക്കെങ്കിലും തൊഴിൽ നൽകുക.
4. കടബാദ്ധ്യതകളിൽനിന്നും മോചിപ്പിക്കുക.
5. ലാൻഡ് യൂട്ടിലൈസേഷൻ നിയമം കർശനമായി നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

6. സർവ്വീസിലുള്ള സംവരണം പൊതുമേഖലാ സ്ഥാപനങ്ങളിലും ബാധകമാക്കുക.

7. ബലാൽസംഗത്തിന് വിധേയരാകുന്നവർക്ക് നൽകുന്ന പാരിതോഷികം ഹരിജനങ്ങളുടെ ആത്മാഭിമാനത്തെ ചോദ്യം ചെയ്യുന്ന ഒരു നടപടിയായതിനാൽ നിർത്തലാക്കുക. ബലാൽസംഗം ചെയ്യുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുക.

8. ഭവന നിർമ്മാണത്തിന് ബ്യൂഹത്തായ സമയബന്ധിത പരിപാടി നടപ്പിലാക്കുക.

9. സംവരണ ചൂഷണം അവസാനിപ്പിക്കുക.

10. അതിക്രമങ്ങൾ തടയാൻ പോലീസ് സെല്ലുകൾ രൂപീകരിക്കുക.

11. കർഷകത്തൊഴിലാളി പെൻഷൻ നൂറുരൂപ ആക്കുക.

12. താലൂക്ക് അടിസ്ഥാനത്തിൽ വ്യവസായം.

13. മറ്റു സമുദായങ്ങളെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്താനുള്ള നീക്കം അവസാനിപ്പിക്കുക

14. ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി തിരിച്ചുകൊടുക്കുവാൻ ആവശ്യമായ വ്യവസ്ഥയോടുകൂടിയ നിയമം ഉടൻ നടപ്പിലാക്കുക;

15. ബാങ്കുകൾ മുഖേന എടുത്തിട്ടുള്ള ലോണുകളിൻമേലുള്ള റവന്യൂ റിക്കവറി നടപടികൾ നിർത്തലാക്കുക.

16. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷന് 5 കോടി രൂപ എങ്കിലും നൽകുക.

17. അവശ ക്രൈസ്തവ കോർപ്പറേഷന്റെ അവശത നീക്കുക.

18. പ്രായപരിധി കഴിഞ്ഞ ഹരിജൻ ഉദ്യോഗാർത്ഥികളെ മുൻഗണനാക്രമത്തെ നിയമിക്കുക.

19. 2-8-1984-ൽ സർവ്വീസിൽ ഉണ്ടായിരുന്ന താല്ക്കാലിക ജീവനക്കാരായ ഹരിജനങ്ങളെ സ്ഥിരപ്പെടുത്തുമെന്നുള്ള ഉത്തരവ് ആ തീയതിക്കുശേഷം താല്ക്കാലിക നിയമനം ലഭിച്ചവർക്കും ബാധകമാക്കുക.

20. എല്ലാ ഹരിജൻ ഉദ്യോഗാർത്ഥികൾക്കും തൊഴിലില്ലായ്മ വേതനം അനുവദിക്കുക.

21. കോർപ്പറേഷനുകളുടെയും ബോർഡുകളുടെയും ചെയർമാൻമാരായി പട്ടികജാതി-പട്ടികവർഗ്ഗങ്ങളിൽനിന്നും കൂടുതൽപേരെ നിയമിക്കണം.

22. പി. എസ്. സി. യിൽ ഒരു ഹരിജൻ മെമ്പറെക്കൂടി നിയമിക്കുക.

23. ദേവസ്വം ബോർഡിൽ പട്ടികജാതിക്കാരനെയും പ്രസിഡൻറാക്കുക.

24. അതിക്രമങ്ങൾക്ക് വിധേയരാകുന്ന ഹരിജനങ്ങൾക്ക് കേസുകൾ നടത്താനായി നിയമോപദേശകസമിതികൾ രൂപീകരിക്കണം.

25. സംവരണാനുകൂല്യങ്ങൾ തട്ടിയെടുക്കുന്ന നീക്കം അവസാനിപ്പിക്കണം.

26. ആദിവാസികൾക്ക് വനഭൂമി നൽകണം.

27. ആദിവാസികൾക്കുള്ള സംവരണം പാലിക്കണം.

28. പട്ടണപ്രദേശങ്ങളിൽനിന്നും ഹരിജൻങ്ങളെ ഒഴിപ്പിക്കുന്ന നടപടി നിർത്തലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

29. ഗവൺമെന്റ് ഗ്രാന്റ് നൽകി പണിപൂർത്തിയാകാത്ത വീടുകൾ പണിയാൻ സാമ്പത്തിക സഹായം നൽകുക.

30. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ് സംഗ്രാന്റും സ്റ്റൈപ്പന്റും വർദ്ധിപ്പിക്കണം.

31. പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗസ്ഥൻമാരെ ആതാതു ജില്ലകളിൽ തന്നെ നിയമിക്കണം.

32. അയിത്തവും അടിമവേലയും അവസാനിപ്പിക്കണം.

33. നിർത്തലാക്കപ്പെട്ട ഭൂവിതരണം നടപ്പിലാക്കുക.

34. സ്പെഷ്യൽ കമ്പോണന്റ് പ്ലാനിലുള്ള തട്ടിപ്പ് അവസാനിപ്പിക്കുക.

35. വ്യവസായ ലൈസൻസിൽ തൊഴിൽ സംവരണം ഉറപ്പുവരുത്തണം.

36. വീടു പൊളിച്ചു നശിപ്പിച്ചതിനുപകരം വീടുകൾ നൽകണം.

37. കളക്ടർമാരെയും വകുപ്പദ്ധ്യക്ഷൻമാരെയും തൽസ്ഥാനങ്ങളിൽ നിയമിക്കുക.

38. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള സ്റ്റേറ്റ് അഡ്വൈസറി കമ്മിറ്റി, ട്രൈബൽ ബോർഡ്, ഹരിജൻ ജില്ലാ ഉപദേശക ബോർഡ്, ഏരിയ ഡവലപ്പ്മെന്റ് കമ്മിറ്റി തുടങ്ങിയവ മൂന്നു മാസത്തിലൊരിക്കലെങ്കിലും വിളിച്ചു കൂട്ടുക.

39. സഹകാര്യ വ്യവസായ സ്ഥാപനങ്ങളിലെ ജോലിക്കാരുടെ ആശ്രിതർക്ക് നിയമനങ്ങൾ റിസർവ്വ് ചെയ്യുന്നത് തടയുക.

40. എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും കോളേജ് പ്രവേശനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

41. പട്ടികവർഗ്ഗക്കാർക്ക് പ്രത്യേക കോർപ്പറേഷൻ രൂപീകരിക്കുക.

42. പശ്ചിമഘട്ട വികസന പദ്ധതി ഫലപ്രദമാക്കുക.

43. ആദിവാസികേന്ദ്രങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കുക.

44. ആദിവാസി കേന്ദ്രങ്ങളിൽ വ്യവസായങ്ങൾ തുടങ്ങുക.

45. മൊബൈൽ മെഡിക്കൽ സൗകര്യം ഊർജ്ജിതമാക്കുക.

46. ഹരിജൻ സംഘടനകൾക്കും വ്യക്തികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുക.

47. സഹകരണ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുക.

48. മാതൃ-ശിശു സംരക്ഷണ കേന്ദ്രങ്ങൾ തുറക്കുക.

49. ഹോസ്പിറ്റൽ സൗകര്യം മെച്ചപ്പെടുത്തുക.

50. മിശ്രവിവാഹിതർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുക.

51. ഹരിജൻ ശ്മശാനങ്ങൾ മതിലുകെട്ടി സംരക്ഷിക്കുക.

52. വള്ളത്തൊഴിലാളികൾക്ക് പെൻഷൻ നൽകുക.

53. ഹരിജനങ്ങളുടെ ഭൂമിക്ക് പട്ടയം നൽകുക.

54. ഹരിജൻ മൽസ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുക.

55. ഹരിജൻ സഹകരണ സംഘങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക.

56. അപൂശൈക്രൈസ്തവർക്ക് നിയമസഭയിലും ലോക്സഭയിലും പ്രാതിനിധ്യം നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

57. ഈറയ്ക്ക് സൗജന്യ നിരക്കിൽ പാസ് അനുവദിക്കുക.

(സി) ബാബു വിജയനാഥ് കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ സ്വീകാര്യമായവ എല്ലാം നടപ്പിലാക്കിക്കഴിഞ്ഞു. സർവ്വീസിലുള്ള സംവരണം പൊതുമേഖലാ സ്ഥാപനങ്ങളിലും ബാധകമാക്കിക്കഴിഞ്ഞു.

ഭവന നിർമ്മാണത്തിന് പല വകുപ്പുകൾ മുഖേന പല പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഏകദേശം 9 കോടി രൂപയോളം ഓഹരിമൂലധനമായി നൽകിക്കഴിഞ്ഞു. ഇതിനുപുറമെ മറ്റുതരത്തിലുള്ള ധനസഹായങ്ങളും കോർപ്പറേഷന് നൽകിക്കൊണ്ടിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പൻറും ലംപ്സംഗ്രാൻറും 1-12-1984 മുതൽ 30% കണ്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. മെസ് ചാർജും ഈ തോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി എടുത്തിട്ടുണ്ട്.

മറ്റാവശ്യങ്ങളിൻമേൽ നടപ്പടികളെടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

സാമൂഹ്യവനവൽക്കരണത്തിന് ചെലവായ തുക

53 [60] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-85, 1985-86 എന്നീ വർഷങ്ങളിൽ സാമൂഹ്യവനവൽക്കരണത്തിന് ചെലവായ തുക എത്ര ;

(ബി) ഓരോ വർഷവും വച്ചുപിടിപ്പിച്ചിട്ടുള്ള വൃക്ഷത്തൈകൾ എത്ര വീതം ;

(സി) അവയിൽ എത്ര തൈകൾ നിലവിലുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിൻറെ വിശദവിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 1984-85-ൽ 610.04 ലക്ഷം രൂപയും 1985-86-ൽ (28-2-1986-വരെ) പ്രാഥമിക കണക്കുകൾ അനുസരിച്ച് ഏകദേശം 648.79 ലക്ഷം രൂപയും ചെലവായി.

(ബി) 1984-85-ൽ 770.787 ലക്ഷം തൈകളും, 1985-86-ൽ 1165.927 ലക്ഷം തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ലഭ്യമായ കണക്കുകൾ പ്രകാരം 50% ഓളം തൈകൾ അതിജീവിച്ചിരിക്കുന്നതായി കാണുന്നു. വനം വകുപ്പിൻറെ തോട്ടങ്ങളിൽ 70 മുതൽ 90 ശതമാനം വരെ തൈകൾ അതിജീവിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ വനം

54 [62] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ശതമാനം വനം ഇപ്പോൾ ഉണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly